024641

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - വെക്കേഷൻ കാലത്തു പരീക്ഷാ ഡ്യൂട്ടി/മൂല്യനിർണയ (supervision, invigilation and evaluation) ജോലിയിൽ ഏർപ്പെടുന്ന സർക്കാർ/എയിഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്ക് ആർജിത അവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (കൈ)നം.178 /2017/ഉ.വി.വ തീയതി, തിരുവനന്തപുരം ,04.07.2017

പരാമർശം - 1) 29-04-2016 ലെ D1/06/2016/ഉ.വി.വ. നമ്പരായ സർക്കാർ കത്ത്

2) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 5-10-2016,15-5-2017, എന്നീ തിയതി കളിലെ യഥാക്രമം D1/5414/2016, B2/9553/2017/കോ.വി.വ. നമ്പർ കത്തുകൾ

**ഉത്തരവ്**

Downloaded Copy - association of Retired Teachers (ART)
Farook College

നിലവിലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ വെക്കേഷൻ കാലത്തു ടി ജോലികളിൽ ഏർപ്പെടുന്ന എയ്ഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്ക ടി കാലയളവ് ആർജിത അവധി ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ലായെന്ന് പരാമർശം (1) ലെ കത്തു പ്രകാരം സർക്കാർ തീരുമാനിച്ചു.

എന്നാൽ ടി തീരുമാനം പുന:പരിശോധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. യു.ജി.സി. സ്കീം പ്രകാരം പരീക്ഷ ഡ്യൂട്ടി/ മൂല്യനിർണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമാണെങ്കിലും മധ്യവേനലവധിയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷയെഴുതാറുള്ളത് കണക്കിലെടുത്തും, വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് ടി അദ്ധ്യാപകർ പരീക്ഷ/മൂല്യനിർണയ ജോലികളിൽ ഏർപ്പെടുന്നതിനാലും KSR Part 1 ചട്ടം 81 അനുസരിച്ച് പരാമർശം (1) ലെ തീരുമാനം പുന:പരിശോധിക്കണമെന്ന കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെയും ഇത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിലവിലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ ടി ജോലികളിൽ നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് പ്രതിഫലം അനുവദനീയമല്ല. ഇതിന് വിരുദ്ധമായി പ്രതിഫലം അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കേണ്ടതാണ്. എന്നാൽ

കെ.എസ്.ആർ. ഭാഗം 1 ചട്ടം 81 പ്രകാരം വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് ടി ജോലികളിൽ വ്യാപൃതരാകുന്ന സർക്കാർ/എയിഡഡ് കോളേജുകളിലെ സ്ഥിരം അദ്ധ്യാപകർക്ക് ആർജിത അവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷാ ടൈറ്റസ്**
സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
4) ജനറൽ സെക്രട്ടറി, ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (AKPCTA ), സ്റ്റേറ്റ് കമ്മറ്റി ഓഫീസ്, മാതൃഭൂമി റോഡ്,വഞ്ചിയൂർ, തിരുവനന്തപുരം
5) ജനറൽ സെക്രട്ടറി, കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ( KPCTA), T C X / 1233, തിരുവനന്തപുരം , Pin 695015
6) ജനറൽ സെക്രട്ടറി, റിട്ടയേർഡ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ( RCTA) ,Reg.No. കെടിഎം/TC/527/2014, കോട്ടയം
7) ധനകാര്യ വകുപ്പ് (27-5-2017 ലെ U O (R) No.EDN.C1/392/2016-Fin പ്രകാരം)
8) ഐ & പി ആർ ഡി (വെബ് ആൻഡ് ന്യൂ മീഡിയ)
9) ഉന്നത വിദ്യാഭ്യാസ (B,C,F) വകുപ്പ്
10) കരുതൽ കോപ്പി / ഓഫീസ് കോപ്പി ( File No. D1/ 60/ 2016- HEdn)

ഉത്തരവിൻ പ്രകാരം
Priya
സെക്ഷൻ ഓഫീസർ

D.I.

Endt. No. B2/24641/2017/Coll.Edn

Copy communicated to all Govt. Aids & Aided Colleges, Music Colleges, Training Science Colleges, Sanskrit Colleges & Principal for Colleges and further action.

Senior A.O.
For Director of Collegiate Education